വിനോദസഞ്ചാര മേഖലയിൽ മൂലധന നിക്ഷേപം

3 [3590] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ മൂലധന നിക്ഷേപം നടത്തിയിട്ടുള്ള സ്വകാര്യസംരംഭങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും ആ സംരംഭങ്ങൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) ജിമ്മിന്റെ ഭാഗമായി വിനോദ സഞ്ചാര മേഖലയിൽ ഏതെങ്കിലും സ്വകാര്യ സംരംഭകർ മൂലധനം മുടക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്നും അവരുടെ സംരംഭങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടാജ്, ഒബ്റോയ് എന്നീ രണ്ട് പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകൾ ടി.ആർ.കെ.എൽ.-മായി ചേർന്ന് സംയുക്ത സംരംഭങ്ങളായ ടാജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ്, ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് എന്നിവ വഴി വിനോദസഞ്ചാര മേഖലയിൽ മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതിന് പുറമേ നൂറിലധികം ചെറുതും വലുതുമായ കമ്പനികൾ മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) ടി.കെ.എച്ച്.ആർ.എൽ.—62.04 കോടി രൂപ, ഒ.കെ.എച്ച്.ആർ.എൽ.—2.72 കോടി രൂപ എന്നിങ്ങനെ നിക്ഷേപം നടത്തിയിട്ടുണ്ട്. ടാജ് റസിഡൻസി–എറണാകുളം, ടാജ് ഗാർഡൻ റിട്രീറ്റ്–വർക്കല, ടാജ് ഗാർഡൻ റിട്രീറ്റ്–കുമരകം, ടാജ് ഗാർഡൻ റിട്രീറ്റ്–തേക്കടി എന്നിവയാണ് സംരംഭങ്ങൾ. മൊത്തം 5000 കോടിയലധികം രൂപ വരുമെന്നു കണക്കാക്കുന്നു.

(സി) ഇല്ല. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ രൂപീകരണം വിവിധ ഘട്ടങ്ങളിലാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly